സോളാർ പോളിസിപ്രകാരം 10 മെഗാവാട്ടോ അതിൽത്താഴെയോ ശേഷിയുള്ള സോളാർ പ്ലാന്റുകളിൽനിന്നുള്ള പവർ ഇവാക്കുവേഷനുള്ള സൗകര്യം കെ.എസ്.ഇ.ബി. ലിമിറ്റഡ് ചെയ്യണമെന്ന് വ്യവസ്ഥചെയ്യുന്നുണ്ട്. കൂടാതെ ഇലക്ട്രിസിറ്റി ഡ്യൂട്ടി, വീലിംഗ് ചാർജ്ജസ്, ടി & ഡി ലോസ്സസ് എന്നിവയും ഒഴിവാക്കിക്കൊടുത്തിട്ടുണ്ട്.

കൂടാതെ, ഈ പദ്ധതികളിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് റെഗുലേറ്ററി കമ്മീഷൻ, പ്രിഫറൻഷ്യൽ താരിഫാണ് നിശ്ചയിച്ചിരിക്കുന്നത്.

പെറ്റ്കോക്ക് വൈദ്യുതി നിലയം

23 (6474) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രോളിയം കോക്ക് (പെറ്റ്കോക്ക്) ഉപയോഗിച്ച് പ്രവർത്തിക്കുന്ന വൈദ്യുതി നിലയം കൊച്ചിയിൽ സ്ഥാപിക്കാനുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് പെറ്റ്കോക്കിൽ നിന്ന് ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നത് ; പദ്ധതി എന്നാണ് ആരംഭിക്കാൻ ലക്ഷ്യമിട്ടിരുന്നത് ; പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) എന്തുതുകയാണ് പദ്ധതിക്ക് ചെലവ് പ്രതീക്ഷിക്കുന്നത് ; പദ്ധതിക്ക് എത്ര ഭൂമിയാണ് വേണ്ടത് ; ഇതു ലഭ്യമായിട്ടുണ്ടോ ; എങ്കിൽ എവിടെയാണ് ലഭ്യമായത് ;

(ഡി) പെറ്റ്കോക്ക് ഉപയോഗിച്ച് ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ എത്ര രൂപ ചെലവുവരുമെന്നാണ് കണക്കാക്കുന്നത് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പെറ്റ്കോക്ക് ഉപയോഗിച്ച് പ്രവർത്തിക്കുന്ന വൈദ്യുതിനിലയം കൊച്ചിയിൽ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം റാക്കിൽനിന്നും ലഭ്യമാക്കുന്നതിനുള്ള ചർച്ചകൾക്കായി ഒരു ഉന്നതതല സമിതിയെ ചുമതല പ്പെടുത്തിയിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ഇതുസംബന്ധിച്ച തേൽനടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) 500 മെഗാവാട്ട് വൈദ്യുതിയാണ് പെറ്റ്കോക്ക് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈവർഷംതന്നെ പദ്ധതി ആരംഭിക്കുകയാണ് ലക്ഷ്യം. 2017-18 സാമ്പത്തികവർഷത്തിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഒരു മെഗാവാട്ടിന് വേണ്ടിവരുന്ന ചെലവ് 8 മുതൽ 11 കോടി രൂപവരെയാണെന്നാണ് കണക്കാക്കിയിരിക്കുന്നത്. പദ്ധതിക്ക് ഏകദേശം 150 ഏക്കറോളം സ്ഥലമാണ് ആവശ്യമായിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിന് കൊച്ചിയിൽ റാക്കിന്റെ കൈവശമുള്ള 150 ഏക്കറാണ് യോജിച്ച സ്ഥലമായി കണ്ടെത്തിയിട്ടുള്ളത്. ഈ സ്ഥലം റാക്കിൽനിന്നും ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള തുടർനടപടികൾക്കായി ഒരു ഉന്നതതലസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പദ്ധതി അവാർഡ് ചെയ്യുന്ന മുറയ്ക്ക് മാത്രമേ ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ എത്രരൂപ ചെലവ് വരുമെന്ന് അറിയുവാൻ സാധിക്കുകയുള്ളൂ.

വൈദ്യുതോപഭോഗം കുറയ്ക്കുന്നതിന് നടപടി

24 (6475) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതോപഭോഗം കുറയ്ക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുതനടപടികൾ എത്രത്തോളം ഫലപ്രദമാണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി പൊതുജനങ്ങളുടെ വിശേഷിച്ച് സ്കൂൾ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടും സഹകരണത്തോടുംകൂടി വാഭ്രപ 2014 (സീസൺ-2) എന്ന പദ്ധതി നടപ്പിലാക്കി. 2014 മാർച്ച് 1 മുതൽ മേയ് 31 വരെയാണ് വാഭ്രപ 2014 (സീസൺ 2) -ന്റെ പദ്ധതി കാലയളവ്. ഈ പദ്ധതിയിൽ വിഭാവന ചെയ്തിരിക്കുന്ന സമ്മാന പദ്ധതി ചുവടെ ചേർക്കുന്നു :

1. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നവർക്കെല്ലാം പ്രോത്സാഹന സമ്മാനമായി ഓരോ സി.എഫ്.എൽ.വീതം.

2. പദ്ധതിയിൽ പങ്കാളികളായി തങ്ങളുടെ ശരാശരി ഉപഭോഗത്തേക്കാൾ ഉപഭോഗം പരമാവധി കുറയ്ക്കുന്ന ആദ്യത്തെ 5000 പേർക്ക് ഓരോ സൗരോർജ്ജ വാന്തലും പിന്നീടുള്ള 50000 പേർക്ക് ഓരോ സി.എഫ്. വീതവും.

3. ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുകയും അവരുടെ വീടുകളിലെ വൈദ്യുതി ഉപഭോഗം 20 ശതമാനത്തിലധികം കുറപ്പിക്കുയും അതുവഴി ഏറ്റവും കൂടുതൽ വൈദ്യുതിലാഭം വരുത്തുകയും ചെയ്യുന്ന ഓരോ റവന്യൂ ജില്ലയിലേയും ആദ്യത്തെ പത്ത് സ്കൂളുകൾക്ക് ഗ്രിഡുമായി ബന്ധിപ്പിക്കാവുന്ന (ഗ്രിഡ് ടൈഡ്) അഞ്ച് കിലോവാട്ടിന്റെ സൗരോർജ്ജ പ്ലാന്റ്, 20 ശതമാനത്തിൽ കൂടുതൽ വൈദ്യുതി ലാഭം വരുത്തുകയും എന്നാൽ സമ്മാനം ലഭിക്കാതെയും പോകുന്ന സ്കൂളുകൾക്ക് ഇതേ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പകുതി ചെലവ് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വഹിക്കും. സമ്മാനാർഹരാകുന്ന സ്കൂളുകളിലെ വാഭ്രപ കോ-ഓർഡിനേറ്റർമാരായ അദ്ധ്യാപകർക്ക് പ്രോത്സാഹനമായി ഓരോ സൗരോർജ്ജ വാന്തലും ബാഹുമതിപത്രവും നൽകും.

LIBRARY ARCHIVES Kerala Legislative Assembly